കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

# 2016-17 ഓഡിറ്റ്റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-1446/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി. 11.12.2017

ഫോൺ :- 04772252753

ഇ-മെയിൽ :- ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് - 2016 - 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-1446/17 തീയതി. 11.12.2017

# ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-04-2016 മുതൽ 16-11-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ശ്രീ. ആർ. അശോകൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 16.11.2017 മുതൽ<br>24.11.2017 വരെ | ശ്രീ. സുരേഷ്. എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ശ്രീദേവി. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. പ്രീത, ഓഡിറ്റർ |

*നിർവ്വഹണാധികാരികൾ*

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1. | പ്രസിഡന്റ് | പ്രജിത് കുമാർ | 01.04.2016 – 31.03.2017 |
| 2 | സെക്രട്ടറി | അജയൻ.ഡി.ബാബു<br>അന്നമ്മ മാത്യു<br>വി.ജെ.ജോസഫ് | 01.04.2016 – 16.06.2016<br>17.06.2016 – 27.07.2016<br>28.07.2016 – 31.03.2017 |
| 3 | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ധനകാര്യം | രജിത.എ | 01.04.2016 – 31.03.2017 |
| 4 | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ക്ഷേമകാര്യം | അനിതാസതീഷ് | 01.04.2016 – 31.03.2017 |
| 5 | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസം | ഗീതാബാബു | 01.04.2016 – 31.03.2017 |
| 6 | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, വികസനം | ബിബി.യു.വിദ്യ | 01.04.2016 – 31.03.2017 |

*നിർവ്വഹണ ഉദ്യോഗസ്ഥർ*

| പേര്, | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ലതാ മേരി ജോർജ് | 01.04.2016 – 31.03.2017 |
| സി.ഡി.പി.ഒ | സുഭദ്രകുമാരി. സി. എസ് | 01.04.2016 – 31.03.2017 |
| എസ്.സി.ഡി.ഒ. | പ്രസാദ്. കെ. കെ | 01.04.2016 – 07.08.2016 |
| | മുരളീധരൻ നായർ. എസ് | 08.08.2016 – 31.03.2017 |
| എ.എം.ഒ | ഡോ. ലക്ഷ്മി രാമചന്ദ്രൻ | 01.04.2016 – 03.06.2016 |
| | ഡോ. കാർത്തിക | 04.06.2016 – 14.07.2016 |
| | ഡോ. സുചിത്ര | 14.07.2016 – 30.11.2016 |
| | ഡോ. കാർത്തിക | 01.12.2016 – 31.01.2017 |

| | | |
|---|---|---|
| | ഡോ. സുചിത്ര | 01.02.2017 – 31.03.2017 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അബ്ദുൾ റഹ്മാൻ | 01.04.2016 – 06.11.2016 |
| | ഷീജ.എം.എ | 07.11.2016 – 31.03.2017 |



ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-7 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ നഷ്ടമാക്കിയത് - 1.366 കോടി രൂപ |
| 3 | 2-2 | വാഹന ലേലം - വാറ്റ് ഈടാക്കിയിട്ടില്ല, നഷ്ടം - 650/- |
| ഭാഗം – 3 | | |
| 4 | 3-1 | മുച്ചക്ര സ്കൂട്ടർ വാങ്ങൽ - യഥാർത്ഥ വിലയേക്കാൾ അധികം നൽകി. |
| 5 | 3-2 | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോർ റൂം നിർമ്മാണം - അധികച്ചെലവ് |
| 6 | 3-3 | ഇ-ടെണ്ടർ - ടെണ്ടർ ഫീ നാളിതുവരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 7 | 3-4 | DR masonary യിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിന് ഉയർന്ന നിരക്ക് അനുവദിച്ചു. |
| 8 | 3-5 | കേരളോത്സവം- നിബന്ധനകൾ പാലിക്കാതെ ചെലവ് നടത്തി |
| ഭാഗം – 4 | | |
| 9 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 29.02.2016. തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|

| | | |
|---|---|---|
| ബജറ്റ് പ്രകാരം | 253588000 | 253588000 |
| വാർഷിക കണക്കു പ്രകാരം | 60021641 | 37929189 |

2016-17 വർഷത്തെ അംഗീകരിച്ച ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വരവിൽ 193566359 രൂപയുടെയും ചെലവിൽ 215658811/- രൂപയുടെയും വ്യത്യാസം ഉണ്ട്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 22463493 | 7280558 | 32.41 |
| വികസനഫണ്ട് എസ്.സി.പി. | 4011861 | 3156000 | 78.67 |
| വികസനഫണ്ട് ടി.എസ്.പി. | 208425 | 100000 | 47.98 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3495168 | 1606837 | 45.97 |

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 59 | 29295386 | 23 | 10536558 | 26 | 10 | 35.97 |

മത്സ്യ മേഖലയിലും മൃഗ സംരക്ഷണ മേഖലയിലും ഒരു പ്രോജക്ടു പോലും ഏറ്റെടുക്കാതിരുന്നത് പോരായ്മയാണ്. ഏറ്റെടുത്ത പ്രോജക്ടുകൾ പൂർത്തീകരിച്ച് യഥാസമയം തുക ചെലവഴിക്കാതിരുന്നത് 1.366 കോടി രൂപ നഷ്ടപ്പെടാനിടയാക്കി. വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിരുന്നില്ലെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-5 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം.വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് |
|---|---|---|---|
| നികുതിയേതര വരവുകൾ | 38400 | 43560 | 5160 |
| മറ്റു വരവുകൾ | 17100 | 157780 | 140680 |

## 1-6 ആഭ്യന്തരനിയന്ത്രണം.

16-01-17, 28-02-17, 17-03-17, 22-03-17, 29-03-17, 30-03-17 എന്നീ തീയതികളിലെ ജനറൽ കമ്മിറ്റി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല. ജനറൽ കമ്മിറ്റി മിനിട്സ് പേജ് 163, 120 എന്നിവയിൽ തീരുമാനം എഴുതി പൂർത്തിയാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് സജ്ജീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ല. നാളിതുവരെയായി സാംഖ്യ രസീതുകൾ ഉപയോഗിച്ചു തുടങ്ങിയില്ല. ബ്ളോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള നിർദ്ദേശം പാലിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.08.2017 | 2016-17 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.10.2016 | 2013-14 മുതൽ 2015-16വരെ | 23.11.2016 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ നഷ്ടമാക്കിയത് - 1.366 കോടി രൂപ

എ) ജി.ഒ(പി)177/06 ഫിൻ, തീയതി. 12.04.2006 ധനവിനിയോഗ നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ജി.ഒ (പി)400/14 ഫിൻ, തീയതി. 19.09.2014, ജി.ഒ(പി)119/15 ഫിൻ, തീയതി. 21.03.2015, ജി.ഒ(പി)419/15 ഫിൻ, തീയതി. 19.09.2015 എന്നിവ പ്രകാരം ഉത്തരവാകുകയും സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൗണ്ടിലേക്ക് ഫണ്ട് മാറ്റി നൽകുന്ന സമ്പ്രദായം 2015-16 വർഷം മുതൽ നിർത്തൽ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകും. ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ബാക്കിയായ ഫണ്ടുകൾ ഇതുവരെയായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സർക്കാർ തിരികെ നൽകിയിട്ടില്ലാത്തതിനാൽ സാങ്കേതികമായി ഈ തുക നഷ്ടപ്പെട്ടിരിക്കുകയാണ്. ബ്ലോക്ക്പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ ബാക്കിയായത് ലക്ഷക്കണക്കിന് രൂപയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | തൻവർഷ അലോട്ട്മെന്റ് | ചെലവ് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|---|---|
| ജനറൽ അധിക സഹായം ഉൾപ്പെടെ | 22463493 | 7280558 | 10808104 |
| എസ്.സി.പി. | 4011861 | 3156000 | 855861 |
| ടി എസ്.പി | 208425 | 100000 | 108425 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 3495168 | 1606837 | 1888331 |
| ആകെ | | | 13660721 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തെതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായത്. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതായുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ബി) 2016-17 വർഷം ബ്ലോക്ക് പഞ്ചായത്തിന് ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 12-ാം ഗഡുവായി അനുവദിച്ച 275333/- രൂപ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാതിരുന്നതിനാൽ ടി തുകയും ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായി.

## 2-2 വാഹന ലേലം - വാറ്റ് ഈടാക്കിയിട്ടില്ല, നഷ്ടം - 650/-

ലേലം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-01-K-3387 നമ്പർ മഹീന്ദ്ര ജീപ്പ് 28-03-2017 തീയതിയിൽ ലേലം ചെയ്തതിൽ ഏറ്റവും കൂടിയ തുക ക്വാട്ട് ചെയ്ത ബൈജു.വി, തിരുവിളക്ക്, സനാതനപുരം, ആലപ്പുഴ എന്നയാൾക്ക് ലേലം ഉറപ്പിച്ചു. ടിയാൻ ലേല തുകയായ 130000/- രൂപ (ബുക്ക് നം – 41372, രസീത് നം. – 58, 64)പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ

മൂല്യവർദ്ധിത നികുതിയിനത്തിൽ ലേലതുകയുടെ 0.5% (650/-രൂപ) സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. അതിനാൽ ലേലം കൊണ്ട വ്യക്തിയിൽ നിന്ന് 650/-രൂപ സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുച്ചക്ര സ്കൂട്ടർ വാങ്ങൽ - യഥാർത്ഥ വിലയേക്കാൾ അധികം നൽകി.

പ്രോജക്ട് നം. - S0018/17

ചെലവ് - 9,60,000/-

ബിൽ നം. - 1/16-17, തീയതി. 30.03.2017

നിർവ്വഹണം - സി.ഡി.പി.ഒ

സി.ഡി.പി.ഒ. നിർവ്വഹണം നടത്തിയ ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര സ്കൂട്ടർ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 16 ഗുണഭോക്താക്കൾക്ക് ഈസ്റ്റ് വെനീസ് മോട്ടോഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് വാഹനം വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും ലഭിച്ചിട്ടുള്ള റീടെയിൽ ഇൻവോയിസ് പ്രകാരം ഒരു വാഹനത്തിന് ഡിസ്കൗണ്ട് കഴിഞ്ഞ് എക്സ് ഷോറൂം പ്രൈസ് 44,150/- രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Duet Lx Pearl Silver White sparkle | 44672.49 |
| VAT@14.5% | 6477.51 |
| Discount | 7000.00 |
| Ex showroom price | 44150.00 |

ഇതനുസരിച്ച് ഫൈനൽ ബിൽ പ്രകാരമുള്ള ഇൻഷ്വറൻസ്, റിട്രോ ഫിറ്റ്മെന്റ് എന്നിവ ഉൾപ്പടെ ഒരു വാഹനത്തിന് നൽകേണ്ട വില 58960/- രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Ex Showroom Price | 44150.00 |
| Retro Fitment | 11362.45 |
| VAT@14.5%( for 11362.45) | 1647.56 |
| Insurance, Regn.charges etc. | 1800.00 |
| Grand Total | 58960.00 |
| 58960/- നിരക്കിൽ 16 സ്കൂട്ടറിന്റെ വില | 943360.00 |

എന്നാൽ ക്യാഷ് ബിൽ പ്രകാരം 60,000/- രൂപ നിരക്കിൽ 16 സ്കൂട്ടറിന് 9,60,000/- രൂപയാണ് നല്കിയിട്ടുള്ളത് (Bill No. 010, Dtd. 29.03.2017). അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/22.11.17) വ്യക്തിഗത ബിൽ പിന്നീടാണ് ലഭിച്ചതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. വ്യക്തിഗത ബിൽ പ്രകാരമുള്ള യഥാർത്ഥ വിലയേക്കാൾ ഒരു സ്കൂട്ടറിന് 1040/- രൂപ (60000-58960) വീതം ആകെ അധികമായി നൽകിയ തുക 16640/- രൂപ മേൽ സ്ഥാപനത്തിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ സി.ഡി.പി.ഒ. യുടെ ബാദ്ധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-2 അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോർ റൂം നിർമ്മാണം - അധികച്ചെലവ്

പ്രോജക്റ്റ് നം. - S0040/16

അടങ്കൽ - 1481868/- (മെയിന്റനൻസ് ഗ്രാന്റ്)

കരാർ - ഗിരീഷ് കുമാർ 7.3% കുറവ്

ചെലവ് വിവരം - 07/18-07-16 രൂപ 1372632/-

അളവു പുസ്തകം - 10/2016-17

നിർവ്വഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ

എസ്റ്റിമേറ്റ് - DSR2014 (1.5333)

ബ്ലോക്ക് പഞ്ചായത്തിന്റെ കോൺഫ്രൻസ് ഹാളിനോട് ചേർന്ന് സ്റ്റോർ റൂം നിർമ്മിച്ചിരിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സ്റ്റോർ റൂം നിർമ്മാണത്തിന്റെ ഒന്നാം ഇനമായ earth work excavation, 38.98$m^3$ ചെയ്യുതിന് 403.95/$m^3$ രൂപ നിരക്കിലാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. DSR2014 സ്പെസിഫിക്കേഷൻ 2.8.1 പ്രാകാരം ടിയിനത്തിന് അനുവദിക്കാവുന്ന നിരക്ക് 241.49/$M^3$ ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം നൽകാനിടയാക്കി.

   അനുവദിക്കാവുന്നത് - 38.98 @ 241.49/$M^3$ = 9413/-

   അനുവദിച്ചത് - 38.98 @ 403.95/$m^3$ = 15746/-

   അധികം - 6333/-

2. പ്രസ്തുത പ്രവൃത്തിയിൽ 10-ാം ഇനമായി RCC യിൽ 0.20 മീറ്റർ വീതിയിലും 0.15 മീറ്റർ കനത്തിലും ലിന്റൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ടി അളവിൽ നിന്നും ലിന്റലിന്റെ ഭാഗമായി വരുന്ന 10 കോളത്തിന്റെ ഭാഗം (വ്യാപ്തം) കുറവു ചെയ്തില്ല. കോളം നിർമ്മിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

   4 X 0.45 X 0.24 X 2.68

   6X 0.45 X 0.24 X 2.78

   ഇതിൽ 4 കോളങ്ങൾ 0.25 മീ വീതിയിൽ പുറത്തേക്ക് തള്ളി നിൽക്കുന്നതിനാൽ കുറവു ചെയ്യേണ്ട വ്യാപ്തത്തിന്റെ അളവ് ചുവടെ കൊടുക്കുന്നു.

   4X0.20X0.20 X0.15 = 0.024

   6 X 0.45X 0.20X 0.15 = 0.081

   0.105$m^3$

   അധികം നൽകിയത് = 0.105 @ 10391/$m^3$ = 1091/-

3. പ്രസ്തുത പ്രവൃത്തിയിൽ E1-ാം ഇനമായി 40X20X15 cm സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് 2.78 മീറ്റർ ഉയരത്തിൽ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ടി അളവിൽ നിന്നും ഭിത്തിയുടെ ഭാഗമായി വരുന്ന 10 കോളത്തിന്റെ ഭാഗം (വ്യാപ്തം) കുറവു ചെയ്തില്ല. കുറവു ചെയ്യേണ്ട വ്യാപ്തത്തിന്റെ അളവ് ചുവടെ കൊടുക്കുന്നു.

4X0.20X0.20 X2.68 = 0.429

6 X 0.45X 0.20X 2.78 = 1.50

1.929$m^3$

അധികം നൽകിയത് = 1.929@ 7290.80 /$M^3$ = 14064

4. ഇനം 3 ആയി 1:4:8 സിമന്റ് കോൺക്രീറ്റിംഗിൽ 10 cm കനത്തിൽ തറ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ടിയിനം 7.5cm കനത്തിൽ ചെയ്താൽ മതിയാകും. കൂടുതൽ കനത്തിൽ ചെയ്തത് അധികച്ചെലവിനിട യാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

അനുവദനീയമായ അളവ് ചുവടെ

ഫ്ലോർ 1x9.08x5.92x0.075 = 4.032$m^3$

വരാന്ത 1x 9.08x1.2x0.075 = 0.817 $m^3$

4.849 $m^3$

അനുവദിച്ചത് = 6.47 $m^3$ @ 6593.65/$m^3$ = 42661/-

അനുവദനീയമായത് = 4.849 @ 6593.65/$m^3$ = 31973

അധികം = 10688/-

5. 19-ാം ഇനമായി 1:4 സിമന്റ് ചാന്ത് ഉപയോഗിച്ചുള്ള പ്ലാസ്റ്ററിംഗാണ്. നിർമ്മിച്ച ഭിത്തിയുടെ അകവും പുറവും പ്ലാസ്റ്ററിംഗ് നടത്തിയതിന് അളവ് ചുവടെപ്പറയും പ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

Wall – 2x31.10 x3.08 = 191.56

cross wall – 6x1.2x3.08 = 22.18

213.74

(-) ജനൽ, വാതിൽ, വെന്റിലേറ്റർ = 21.96

191.78 $m^2$ @ 311.60/$m^2$

ഭിത്തിയുടെ രണ്ടുവശവും പ്ലാസ്റ്ററിംഗ് ചെയ്തതിന്റെ അളവ് കാണിച്ചിരിക്കുന്നതിനാൽ ജനൽ, വാതിൽ, വെന്റിലേറ്റർ എന്നിവയുടെ അളവ് രണ്ട് മടങ്ങ് കുറവു ചെയ്യേണ്ടതാണ്. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ അധികം നൽകാനിടയായി.

അനുവദനീയമായ അളവ് = 213.74 – 43.92 (2x21.96) = 169.82 $m^2$

അധികം = 191.78 – 169.82 = 21.96 $m^2$

അധികച്ചെലവ് = 21.96 @311.60/$m^2$ =6843/-

6. E1-ാം ഇനമായി 40X20X15 cm സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് 2.78 മീറ്റർ ഉയരത്തിൽ ഭിത്തി നിർമ്മിച്ചിട്ടുള്ളപ്പോൾ (അളവുപുസ്തകം പേജ് -25) 3.08മീറ്റർ ഉയരത്തിൽ പ്ലാസ്റ്ററിംഗ് ചെയ്തതായാണ് കാണിച്ചിരിക്കുന്നത്. തെറ്റായി അളവു രേഖപ്പെടുത്തിയതു വഴി അധികം നൽകാനിടയായതിന്റെ വിവരം ചുവടെ

ഉയരത്തിലെ വ്യത്യാസം - 3.08 -2.78 = 0.30 മീ

അധിക അളവിന്റെ വിവരം -

Wall -2x31.10 x0.30 = 18.66

cross wall – 6x1.2x0.30 = 2.16

ആകെ = 20.82 $m^2$

അധികച്ചെലവ് = 20.82 @311.60/$m^2$ =6488/-

7. 21-ാം ഇനമായി ഭിത്തിയുടെ രണ്ടുവശവും water thinnable cement primer അടിച്ചപ്പോഴും മേൽ 5, 6 എന്നീ ഉപഖണ്ഡികയിൽ സൂചിപ്പിച്ച അപാകതകൾ ഉള്ളതിനാൽ അധികം നൽകാനിടയായി.

അധിക അളവിന്റെ വിവരം

ഉപഖണ്ഡിക 5 = 21.96 $m^2$

ഉപഖണ്ഡിക 6 = 20.82 $m^2$

42.78 $m^2$

അധികച്ചെലവ് = 42.78 @54.90/$m^2$ = 2349/-

8. ഇനം 24 ആയി ചെയ്തിരിക്കുന്നത് providing and laying rectified ceramic floor tile of size 300x300mm ആണ്. (റിവൈസ്ഡ് എസ്റ്റിമേറ്റിലും ടിയിനം തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്) ഇത് 71.51 $m^2$ ചെയ്തതിന് അനുവദിച്ചിരിക്കുന്ന നിരക്ക് 2009.70/$m^2$ ആണ്. എന്നാൽ ടിയിനത്തിന് അനുവദനീയമായ നിരക്ക് 1548/$m^2$ ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികച്ചെലവിനിടയാക്കി.

അനുവദനീയമായ തുക 71.51 @1548 /$m^2$ = 110698/-

അനുവദിച്ചത് -71.51 @2009.70/$m^2$ = 143714

അധികം = 33016/-

9. ബ്ലോക്ക് പഞ്ചായത്തിന്റെ കോൺഫ്രൻസ് ഹാളിനോട് ചേർന്നാണ് സ്റ്റോർ റൂം നിർമ്മിച്ചിരിക്കുന്നത്. കോൺഫ്രൻസ് ഹാളിലെ മൂന്ന് പാളികളുള്ള ഒരു ജനൽ ഡിസ്മാന്റിൽ ചെയ്ത് അവിടെ വാതിൽ പിടിപ്പിച്ച് സ്റ്റോർ റൂമിലേക്ക് പ്രവേശനം സാധ്യമാക്കിയിട്ടുണ്ട്. ഡിസ്മാന്റിൽ ചെയ്ത ജനലാണ് സ്റ്റോർറൂം നിർമ്മാണത്തിൽ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ അളവു പുസ്തകത്തിൽ മൂന്ന് പാളികളുള്ള ഒരു ജനൽ പുതിയതായി നിർമ്മിച്ചതായി രേഖപ്പെടുത്തിയാണ് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. ഭൗതിക പരിശോധനയിലും പഴയ ജനൽ തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത് എന്നു ബോദ്ധ്യമായി. ആയതിനാൽ താഴെപ്പറയും പ്രകാരം പുതിയ ജനലിന്റെ വിലയായി ചെലവുചെയ്ത 15131/- രൂപ അനുവദിക്കുന്നില്ല.

| | | |
|---|---|---|
| Providing wood work in frames | 0.064 $m^3$ @ 95683.90/$m^3$ | 6123 |
| Providing fixing glazed shutters | 1.497 @ 2502.20/$m^3$ | 3745 |
| providing MS round or square bars | 29.37 kg @179.20 | 5263 |
| | | 15131 |

10. 40x20x15 cm സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള ഭിത്തി നിർമ്മാണത്തിന് അനുവദനീയമായ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 40x20x15 cm സോളിഡ് ബ്ലോക്ക് വാട്ടർചാർജ്ജ് ഉൾപ്പെടെ | 3348.15 (മാർക്കറ്റ് നിരക്ക്) |
| കൂലി, മറ്റു ചെലവുകൾ, വാട്ടർചാർജ്ജ് ഉൾപ്പെടെ | 1562.87 |
| ആകെ | 4911.02 |
| CPOH 15% | 736.65 |
| കോസ്റ്റ് ഇൻഡക്സ് - 1562.87 @53.33% | 833.48 |
| ആകെ (അനുവദനീയമായ നിരക്ക് ) | 6481.15 /$m^3$ |

അനുവദിച്ച നിരക്ക് = 7296.80/ $m^3$

നിരക്കിലെ വ്യത്യാസം (7296.80 – 6481.15) = 815.65$m^3$

ടിയിനം ചെയ്ത അളവ് = 14.22 $m^3$

അധികച്ചെലവ് 14.22 @815.65/$m^3$ = 11599/-

അധികച്ചെലവിന്റെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| ഉപഖണ്ഡിക നമ്പർ | നഷ്ട തുക | ഉപഖണ്ഡിക നമ്പർ | നഷ്ട തുക |
|---|---|---|---|
| 1 | 6333 | 6 | 6488 |
| 2 | 1091 | 7 | 2349 |
| 3 | 14064 | 8 | 33016 |
| 4 | 10688 | 9 | 15131 |
| 5 | 6843 | 10 | 11599 |
| | ആകെ | | 107602 |
| | (-) 7.3% കുറവ് | | 7855 |
| | | | 99747 |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

11. 2006-ലെ സർവ്വീസ് ടാക്സ് റൂൾസ് (ഡിറ്റർമിനേഷൻ ഓഫ് വാല്യൂ); 20.06.2012 ലെ 30/12 സേവനനികുതി നോട്ടിഫിക്കേഷൻ പ്രകാരം കരാർ പ്രവൃത്തികളിൽ ഒറിജിനൽ പ്രവൃത്തികൾക്ക് പ്രവൃത്തി മൂല്യത്തിന്റെ 40% ഉം മറ്റുള്ള പ്രവൃത്തികൾക്ക് (including repair, maintenance, plastering of immovable property etc.,) പ്രവൃത്തി മൂല്യത്തിന്റെ 70%- ഉം service portion ആയതിനാൽ അവയുടെ 15% സേവന നികുതി ഈടാക്കേണ്ടതാണ്. 2015-16-മുതലുള്ള പ്രവൃത്തികൾക്ക് ഇത് ബാധകമാണ്. എന്നാൽ തൻവർഷം ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള സേവന നികുതി ബാധകമായിട്ടുള്ള മേൽ മരാമത്ത് പ്രവൃത്തിയിൽ നിന്ന് നിയമാനുസൃതമുള്ള സേവന നികുതി (10.5% നിരക്കിൽ) അടച്ചിട്ടില്ലെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ചെയ്ത വേലയുടെ മൂല്യം = 1372632/-

അടയ്ക്കേണ്ട സേവന നികുതി (10.5% നിരക്കിൽ) = 1372632 @ 10.5% = 144126/-

സേവന നികുതി ക്രമപ്രകാരം ഈടാക്കി ഒടുക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-3 ഇ-ടെണ്ടർ - ടെണ്ടർ ഫീ നാളിതുവരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്ന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീ തുകകൾ നാളിതുവരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. തൻവർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ തിരികെ ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയ തുക വാണിജ്യ നികുതി വകുപ്പിൽ അടവാക്കേണ്ടതും ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-4 DR masonary യിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിന് ഉയർന്ന നിരക്ക് അനുവദിച്ചു.

പ്രോജക്ട് - പുറക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് -14 മാലയിൽ തോടിന് പടിഞ്ഞാറ് വശം തോടിന് കുറുകെ കലുങ്ക് നിർമ്മാണവും റോഡ് നിർമ്മാണവും

പ്രോജക്ട് നം. - S0050/17

അടങ്കൽ - 9 ലക്ഷം

കരാർ - സാബു.വി.എസ് (5% കുറവ്)

ചെലവ് വിവരം - ബിൽ നം. 03/26-02-17, 679523/- രൂപ

ബിൽ നം. 09/29-03-17, 162454/- രൂപ

അളവു പുസ്തകം - 9/2016-17

നിർവ്വഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ

1. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിന് ഇ- ടെണ്ടർ ക്ഷണിച്ച് എസ്റ്റിമേറ്റ് നിരക്കിനേക്കാളും 5% കുറവ്

രേഖപ്പെടുത്തിയ ശ്രീ. സാബു. വി. എസ്- ന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. 29-05-16 ലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിന് 11 ദിവസത്തിനകം കരാർ വെക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും 23-07-16 നാണ് കരാർ വെച്ചിട്ടുള്ളത്. (കരാർ നം. 02/AEE/ABP/2016-17) ഫൈനൽ ബിൽ നൽകിയപ്പോൾ കരാർ വെക്കുന്നതിനുള്ള കാലതാമസത്തിന് കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009-6 പ്രകാരമുള്ളപിഴ (1%)ഇടാക്കിയില്ല.

ഈടാക്കേണ്ട ഫൈൻ - 900000 @1% = 9000/-

2. DRmasonary യിൽ സംരക്ഷണഭിത്തി നിർമ്മിച്ചതിന് നിരീക്ഷിത ഡേറ്റ പ്രകാരം 3885.15/$m^3$ നിരക്കിൽ കരാറുകാർക്ക് തുക അനുവദിച്ചിട്ടുണ്ട്. CPWD സ്പെസിഫിക്കേഷൻ 7.2.1 മോഡിഫൈ ചെയ്ത് തയ്യാറാക്കിയ ഒബ്സർവഡ് ഡേറ്റ പ്രകാരം ടി നിരക്ക് വരുന്നുണ്ടെങ്കിലും സ്പെസിഫിക്കേഷൻ കോഡ് 50.7.1.1 പ്രകാരം ടിയിനത്തിന് അനുവദിക്കാവുന്ന നിരക്ക് ചുവടെ കൊടുക്കുന്നു.

| Description | Quantity | Rate | Amount |
|---|---|---|---|
| Stone for masonary work | 1.05 | 900 | 945 |
| Through bond stone | 7 | 1300/100 nos | 91 |
| Carriage of soling &masonary stone | 1.21 | 125.28 | 151.59 |
| mason | 0.80 | 399 | 319.20 |
| coolie | 0.70 | 329 | 230.30 |
| sundries | 45.76 | 1.78 | 81.45 |
| sundries | 4.42 | 1.78 | 7.87 |
| Total | | | 1826.41 |
| Add water charge | | | 18.26 |
| Total | | | 1844.67 |
| Add CPOH 15% | | | 276.70 |
| Total | | | 2121.35 |
| Cost index 53.33% | | | 1131.31 |
| Total | | | 3252.66/$m^3$ |

നിരക്കിലെ വ്യത്യാസം - 3885.15 -3252.66 =632.49/$m^3$

ടിയിനം ചെയ്ത അളവ് - 32.85 $m^3$

അധികച്ചെലവ് - 32.85 @632.49/$m^3$ = 20777

(-)5% കുറവ് = 1039

19738/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. ടി തുക തടസ്സപ്പെടുത്തുന്നു.

3. ടി പ്രവൃത്തിയിൽ 17-ാം ഇനം എർത്ത് ഫില്ലിംഗാണ്. 51.46 $m^3$ ടിയിനം ചെയ്തത് ടേപ്പ് മെഷർമെന്റിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത അളവിൽ നിന്നും ടേപ്പ് കറക്ഷന് 10% കുറവു വരുത്താതെ തുക അനുവദിച്ചിരിക്കുന്നതിനാൽ അധികം നൽകാനിടയായി

ചെയ്ത അളവ് :- 51.46 $m^3$

(-)10% :- 5.15

| | | |
|---|---|---|
| | :- | 46.31 $m^3$ |
| അനുവദിച്ചത് -50.51 @ 1149/$m^3$ | :- | 58036 |
| അധികം നൽകിയ തുക 4.2 $m^3$ @1149/$m^3$ | :- | 4826 |
| (-) 5% കുറവ് | :- | 241 |
| | :- | 4585 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-5 കേരളോത്സവം- നിബന്ധനകൾ പാലിക്കാതെ ചെലവ് നടത്തി

പ്രോജക്ട് നം. - S0014/17 കേരളോത്സവം

അടങ്കൽ - 1,00,000/-

ചെലവ് - 1,00,000/- (ബിൽ നം.17/ 16-17 തീയതി.22.12.16)

കേരള സംസ്ഥാന യുവജനക്ഷേമബോർഡ് - 30,000/- (ഡി.ഡി. നം. 279270, തീയതി: 07.02.17)

നിർവ്വഹണം - സെക്രട്ടറി

2016-17 വർഷത്തെ കേരളോത്സവവുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

(എ) സ്പോർട്സ് ഐറ്റംസ് വാങ്ങിയതിന് ലഭ്യമാക്കിയ ബില്ലുകളിൽ ക്രമ നം. 24, 25 എന്നിവ ഒരു ദിവസം ഒരേ ഷോപ്പിൽ നിന്ന് വാങ്ങിയവയാണ് എന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാനത്തിന്റെ പേര്/ഇനം | ഇൻവോയ്സ് നം./ തീയതി | തുക |
|---|---|---|---|
| 24 | ആലപ്പുഴസ്പോർട്സ് ഇൻഡസ്ട്രീസ്/സ്പോർട്സ് ഐറ്റംസ് | AS10471/16-17 | 19660 |
| 25 | ആലപ്പുഴസ്പോർട്സ് ഇൻഡസ്ട്രീസ്/ സ്പോർട്സ്ഐറ്റംസ് | AS10470/16-17 | 7865 |
| | ആകെ | | 27525 |

GO(Rt) 2487/2016 LSGD, 20.08.2016 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായുള്ള മാർഗ്ഗരേഖ (പ്രൊക്യൂർമെന്റ് മാനുവൽ-2016) ഖണ്ഡിക 2.5, പട്ടിക 2-1 പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയാണ് ടി ചെലവുകൾ നടത്തിയിരിക്കുന്നത്. ടി മാർഗ്ഗരേഖ പ്രകാരം 15000/- രൂപ മുതൽ 60000/- രൂപ വരെയുള്ള വാങ്ങലുകൾ ക്വട്ടേഷൻ ക്ഷണിച്ചാണ് നടത്തേണ്ടത്. എന്നാൽ മേൽപ്പറഞ്ഞ സാധനങ്ങൾ ഷോപ്പിൽ നിന്ന് നേരിട്ട് വാങ്ങുകയാണ് ചെയ്തത്. ഇത് പൊതുപണത്തിന്റെ ദുർവിനിയോഗമായാണ് കണക്കാക്കുന്നത്. പ്രക്യൂർമെന്റ് മാനുവലിലെ നിബന്ധനകൾ പാലിക്കാതെ ചെലവുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല (നം. 2/-20.11.17)

ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ ഇതുപോലെയുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക്

അമ്പലപ്പുഴ ബ്ളോക്ക് പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. രസീത് &പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 34427466/- |
| വരവ് | : | 25594175/- |
| ആകെ | : | 60021641/- |
| ചെലവ് | : | 37929189/- |
| നീക്കിയിരിപ്പ് | : | 22092452/- |

*രസീത് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. ചെക്ക് & ഡ്രാഫ്റ്റ് പ്രകാരമുള്ള എല്ലാ വരവുകളും ഉൾപ്പെടുത്തിയിട്ടില്ല

| ഇനം | തുക |
|---|---|
| കേരളോത്സവം | 30000 |
| ആർ.ആർ. റിക്കവറി | 63150/- |
| ശുചിത്വ മിഷൻ-മഴക്കാല പൂർവ്വശുചീകരണം ബ്ളോക്ക് തല ശില്പശാല | 3500/- |
| ഗുണഭോക്തൃ വിഹിതം (ADA കളക്റ്റ് ചെയ്തത്) | 136800/- |

2. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-31 പ്രകാരം വികസന ഫണ്ട് (ജനറൽ) 7936157/- രൂപയും വികസന ഫണ്ട് (എസ്.സി.പി.) 3159450/- രൂപയുമാണ്. എന്നാൽ ACR പ്രകാരം യഥാക്രമം 7280588/- രൂപയും 3156000/-രൂപയുമാണ്.
3. ഐ.എ.വൈ. സ്റ്റേറ്റ് ഷെയർ അധികവിഹിതം ലഭിച്ച 87,50,000/- രൂപ RP-31ൽ ഉൾപ്പെടുത്തിയിട്ടില്ല.
4. RP-16 പ്രകാരം കേരളോത്സവം ചെലവ് 1,00,000/-രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 1,30,000/- രൂപയാണ്.
5. RP-3 യിൽ വാടക 44010/- രൂപയാണ് ചേർത്തിരിക്കുന്നത്. എന്നാൽ വാടക രജിസ്റ്റർ പ്രകാരമുള്ള വരവ് 43560/-രൂപയാണ്.
6. റീകൺസിലിയേഷൻ നടത്താത്തതിനാൽ RP-40(b)യിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിയ്ക്കാൻ കഴിഞ്ഞില്ല.

| അക്കൗണ്ട് | എ.എഫ്.എസ്. പ്രകാരമുള്ള നീക്കിയിരിപ്പ് | പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| SBT Own Fund | 395340 | 416598 |
| Treasury TSBA/C | 2758262 | 3678515 |

| | | |
|---|---|---|
| IOB Grant Funds 1-IAY CS | 2337259 | 1816545 |
| SBT HARIYALI 2 | 482502 | 518643 |
| SBT Total Sanitation | 2267667 | 2223589 |
| IOB Susthira Vikasanam | 5143 | 43293 |
| IOB IAY ADMIN | 689764 | 20684 |
| IOB IAY Punnapra | 12768484 | 21871225.57 |
| Co-operative Bank EMS Grant funds | 388031 | 388031 |

II. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും വ്യയത്തിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 21120833/- |
| (-) വ്യയം | : | 28500782/- |
| ഡെഫിസിറ്റ് | : | 3520352/- |

*ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. Capital Contribution Ledger ലഭ്യമല്ലാത്തതിനാൽ I-6 ൽ വന്നിട്ടുള്ള തുകയുടെ കൃത്യത പരിശോധിയ്ക്കാനായില്ല.
2. I-14(a) പ്രകാരം കേരളോത്സവം ചെലവ് 1,00,000/- രൂപയാണ്. എന്നാൽ യഥാർത്ഥ ചെലവ് 1,30,000/-രൂപയാണ്.

III. ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | | |
|---|---|---|
| ആകെ ആസ്തി | : | 31799623/- |
| ആകെ ബാധ്യത | : | 75281847/- |
| പഞ്ചായത്ത് ഫണ്ട് | : | (-) 43482224/- |

*ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.*

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരമുള്ള നീക്കിയിരിപ്പ് കൃത്യമല്ല. RP 40(b) യിലെ അപാകത ഇവിടെയും ബാധകമാണ്. RP 40(b) സുസ്ഥിര വികസനം നീക്കിയിരിപ്പ് തുക 5143/- രൂപB-4 ൽ ഉൾപ്പെടുത്തിയിട്ടില്ല. RP 40(b) യിലുള്ള യഥാർത്ഥ നീക്കിയിരിപ്പ് B-4 ലും ഉൾപ്പെടുത്തേണ്ടതാണ്.
2. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ 2016 മാർച്ച് മാസത്തെ വാടക 3795/- രൂപ 25.04.2017 ലാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ ഈ തുക ബി-15 ൽ അരിയർ ആയി ചേർത്തിട്ടില്ല.
3. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള നിർദ്ദേശം പാലിച്ചിട്ടില്ല
4. ലഭ്യമാക്കിയ കണക്ക് പ്രകാരം തിരിച്ചടയ്ക്കാനുള്ള വായ്പ തുക 1383064/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-5 പ്രകാരം 587121/- രൂപയാണ് തിരിച്ചടയ്ക്കാനുള്ള വായ്പ തുക

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 1453469 | ഐ.എ.വൈ | ചെലവ് വിവരം ലഭ്യമാക്കാത്തതിനാൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. | |
| ജില്ലാഗ്രാമപഞ്ചായത്ത് | 2240000 | ഐ.എ.വൈ | | |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ് ഭവനപദ്ധതി | ജി.ഒ (നം.) 268/10 തസ്വഭവ, തീയതി: 23-01-10 | 4601014 | 1733064 | 350000 | 00 | 1383064 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 25594175 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 37929189 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 120972 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 19738 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 16640 | സുഭദ്രകുമാരി, സി.ഡി.പി.ഒ |
| 3-2 | | 99747 | അബ്ദുൾ റഹ്മാൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-4 (3) | | 4585 | ഷീജ. എം. എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

| | | | |
|---|---|---|---|
| ആകെ | | 120972 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4(2) | 19738 | ഷീജ. എം.എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| ആകെ | 19738 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം. 2-2 = 650/-

ഖണ്ഡിക നം. 3-2 = 144126/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുഭദ്രകുമാരി, സി.ഡി.പി.ഒ | സി.ഡി.പി.ഒ, അമ്പലപ്പുഴ | കിഴക്കേവെളിയിൽ,<br>കലവൂർ പി.ഒ.ആലപ്പുഴ |
| അബ്ദുൾ റഹ്മാൻ,<br>അസി. എക്സി. എഞ്ചിനിയർ | അസി. എക്സി. എൻജിനീയർ,<br>എൽ.എസ്.ജി.ഡി.<br>സബ് ഡിവിഷൻ, പന്തളം | സഫാമീനത്തില,<br>കുന്നകുളം,<br>കെ.എസ്. പുരം. പി.ഒ,<br>കരുനാഗപ്പള്ളി |
| ഷീജ. എം .എ,<br>അസി. എക്സി. എഞ്ചിനിയർ | എക്സിക്യൂട്ടീവ് എൻജിനീയർ,<br>പി.ഐ.യു, എറണാകുളം | റൈബോ മൈത്രിനഗർ,<br>6thനഗർ, കരകുളം. പി. ഒ,<br>തിരുവനന്തപുരം |
| വി.ജെ ജോസഫ്, സെക്രട്ടറി | ബി.ഡി.ഒ, അമ്പലപ്പുഴ | വെളിയിൽ, പുന്നപ്ര. പി. ഒ. |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച<br>ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 & 1996-97 | എൽ.എഫ്.എ7/18/00/05.06.00/01.07.2000 |
| 1997-98 | എൽ.എഫ്.എ7/688/00/15.02.01/16.02.01 |
| 1998-99 | എൽ.എഫ്.എ7/688/00/15.02.01/16.02.01 |
| 1999-00 | എൽ.എഫ്. 5/ ബി.പി.അദാലത്ത് /26/65/14/21.03.14 |
| 2000-01 | എൽ.എഫ്.എ7/130/06/15.06.06/13.09.06 |
| 2001-02 | എൽ.എഫ്.എ7/131/06/06.06.06/18/07.06 |
| 2002-03 | എൽ.എഫ്.എ7/229/07/09.05.07/04.06.07 |
| 2003-04 | എൽ.എഫ്.എ7/228/07/16.05.07/04.06.07 |
| 2004-05 | എൽ.എഫ്ജി.എ5/ ബി.പി.അദാലത്ത് /26(66)/14/22.03.14 |
| 2005-06 | എൽ.എഫ്ജി.എ5 /ബി.പി.അദാലത്ത് /26(67)/14/22.03.14 |

| | |
|---|---|
| 2006-07 | എൽ.എഫ്.ജി.എ5 / ബി.പി.അദാലത്ത് /26(68)/14/22.03.14 |
| 2007-08 | എൽ.എഫ്.ജി.എ5/ ബി.പി.അദാലത്ത് /26(69)/14/22.03.14 |
| 2008-09 | എൽ.എഫ്.എ.ബി.പി.1291/10/31.03.11/30.04.11 |
| 2009-10 | എൽ.എഫ്.എ.ബി.പി.1292/10/31.03.11/30.04.11 |
| 2010-11 | എൽ.എഫ്.എ.ബി.പി.962/13/04.01.14 |
| 2011-12 | എൽ.എഫ്.എ.ബി.പി.962/13/04.01.14 |
| 2012-13 & 2013-14 | എൽ.എഫ്.എ.ബി.പി.1478/14/05.12.114 |
| 2014-15 & 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി- 272/17/15.03.17/28.03.17 |

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-1446/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 11.12.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 13-ാം വകുപ്പ്, 1994 – ലെ കേരള നഗരപാലിക നിയമം 295 (4) ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-BP-1446/17

Kerala State Audit Department,

District Audit Office, Alappuzha.
Date: 11.12.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Ambalappuzha Block Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Ambalappuzha Block panchayat for the year 2016-17 except the observations in part 4-1 of the audit report properly presents the picture of income and expenditure.

.

.

Senior Deputy Director

Kerala State Audit Department

Alappuzha